**കള്ളൻ പവിത്രൻ**

എഴുതിയത് : ജിജിൻ ചാരുംമൂട് for TB movie panel

പ്രകൃതിയുടെയും പുരുഷൻ്റെയും വൈകാരിക തലങ്ങളെ സത്യസന്ധമായി ആവിഷ്കരിച്ച ചലച്ചിത്രകാരനായിരുന്നു പത്മരാജൻ. അദ്ദേഹത്തിൻ്റെ സംവിധാനത്തിൽ 1981 ൽ പുറത്തിറങ്ങിയ മലയാള ചലച്ചിത്രമാണ് കള്ളൻ പവിത്രൻ. പത്മരാജൻ്റെ രചനയിലെ ആദ്യ സൂപ്പർഹിറ്റ് ചിത്രമായിരുന്നു കള്ളൻ പവിത്രൻ. ഇതേ പേരിലുള്ള ചെറുകഥയാണ് പിന്നീട് ചലച്ചിത്രമാക്കി മാറ്റിയത്. ചിത്രം വൻ വിജയമായതോടെ പത്മരാജൻ മുഖ്യധാരാ സിനിമയുടെ ഭാഗമായി മാറി.

നാട്ടിൽ അല്ലറ ചില്ലറ മോഷണങ്ങളുമായി നടക്കുന്ന പവിത്രൻ എന്ന മുഖ്യ കഥാപാത്രത്തെ നെടുമുടി വേണു അവതരിപ്പിച്ചിരിക്കുന്നു. കള്ളൻ എന്ന പേരല്ലാതെ കാര്യമായ സമ്പാദ്യമൊന്നുമുണ്ടാക്കാൻ പവിത്രന് കഴിഞ്ഞിരുന്നില്ല. ഭാര്യയും മക്കളും ഉണ്ടെങ്കിലും പവിത്രൻ അഭിസാരികയായ ദമയന്തിക്കൊപ്പമാണ് കഴിഞ്ഞിരുന്നത്.

മാമച്ചൻ എന്ന മില്ല് നടത്തിപ്പുകാരൻ്റെ പാത്രങ്ങൾ മോഷ്ടിക്കുന്നതോടെയാണ് കഥ വികസിക്കുന്നത്. മാമച്ചൻ എന്ന കഥാപാത്രമായി ഭരത് ഗോപി നിറഞ്ഞാടിയിരിക്കുന്നു. പാത്രങ്ങൾ അന്വേഷിച്ച് വന്ന മാമച്ചനുമായി ദമയന്തി അടുപ്പത്തിലാകുന്നു. കുറച്ചു ദിവസങ്ങൾക്കു ശേഷം വീട്ടിൽ വന്ന പവിത്രൻ കാണുന്നത് മാമച്ചനും ദമയന്തിയും ഒരുമിച്ച് താമസിക്കുന്നതാണ്. അതോടെ പവിത്രൻ വീടു വിട്ടിറങ്ങുന്നു.

പാത്രങ്ങൾ വിൽക്കാനായി നഗരത്തിലെത്തിയ പവിത്രൻ പരിചയപ്പെടുന്നത് തന്നെക്കാൾ വലിയ കള്ളനായ പത്രക്കച്ചവടക്കാരനെയായിരുന്നു. അടൂർ ഭാസി ആ കഥാപാത്രത്തെ അനശ്വരമാക്കിയിരിക്കുന്നു. കൗശലക്കാരനായ വ്യാപാരിയുമായുള്ള ബന്ധം പവിത്രനെ പണക്കാരനാക്കുന്നു. അയാൾ തിരിച്ചു ഭാര്യയുടെയും മക്കളുടെയും അടുത്തേക്ക് വരുന്നു. അവർക്കൊപ്പം ജീവിക്കുമ്പോൾ പവിത്രൻ കാർക്കശ്യക്കാരനായ ഗൃഹസ്ഥനാകുന്നു. നേരത്തെ അല്പം പരുങ്ങലോടെ ഒതുങ്ങി ജീവിച്ചിരുന്ന പവിത്രൻ ക്രമേണ ഒരു മില്ലിൻ്റെ ഉടമസ്ഥനായി മാറുന്നു. എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ മില്ല് മാമച്ചൻ്റെ കഞ്ഞികുടി മുട്ടിക്കുന്നു. അതുകണ്ട് പവിത്രൻ ആസ്വദിക്കുന്നുമുണ്ട്.

പവിത്രൻ പണക്കാരനായതിൻ്റെ രഹസ്യം കണ്ടെത്താൻ മാമച്ചൻ

ദമയന്തിയോട് ആവശ്യപ്പെടുന്നു. അവൾ അതിനു ചുമതലപ്പെടുത്തുന്നത് സ്വന്തം അനിയത്തി ഭാമയെ ആയിരുന്നു. പവിത്രൻ്റെ ബലഹീനത തന്നെ ഭാമ മുതലെടുക്കുന്നു. അവർ തമ്മിൽ അടുക്കുന്നു. പവിത്രൻ ഭാമയോട് വിവാഹാഭ്യർത്ഥന നടത്തുന്നു. ഭാമയുടെ നിർബന്ധത്തിനു വഴങ്ങി താൻ പണക്കാരനായതിൻ്റെ രഹസ്യം പവിത്രൻ പറയുന്നു. മാമച്ചൻ്റെ പാത്രങ്ങൾ തിരിച്ചു കൊടുത്ത് ആ കടം അവസാനിപ്പിക്കാൻ അവൾ പവിത്രനെ നിർബന്ധിക്കുന്നു. അതൊരു കെണിയാണെന്ന് മനസ്സിലാക്കാതെ പവിത്രൻ ആ പാത്രങ്ങൾ തിരികെയെത്തിക്കുന്നു. പവിത്രൻ അറസ്റ്റിലാകുന്നതോടെ സിനിമ അവസാനിക്കുന്നു. മനുഷ്യൻ്റെ ഒടുങ്ങാത്ത ഭോഗതൃഷ്ണയും പണാസക്തിയും അവനെ എവിടെ കൊണ്ടെത്തിക്കുന്നുവെന്ന് പവിത്രൻ്റെ ജീവിതം തന്നെ പാഠമാകുന്നു.

ദമയന്തിയായി ബീനയും ഭാമയായി സുഭാഷിണിയും മികച്ച പ്രകടനം കാഴ്ച വച്ചിരിക്കുന്നു. പവിത്രൻ്റെ ഭാര്യാ വേഷം ദേവിയും ഉജ്ജ്വലമാക്കി. ചിത്രത്തിലെ അഭിനയത്തിന് ഭരത് ഗോപിക്ക് അക്കൊല്ലത്തെ മികച്ച സഹനടനുള്ള ഫിലിം ക്രിട്ടിക്സ് അവാർഡ് ലഭിക്കുകയുണ്ടായി. സുനിത പ്രൊഡക്ഷൻസിൻ്റെ ബാനറിൽ എം മണി നിർമ്മിച്ച ചിത്രം പ്രദർശനത്തിനെത്തിച്ചത് അരോമ റിലീസായിരുന്നു. ചിത്രത്തിൽ ഗാനങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. ഛായാഗ്രഹണം വിപിൻ ദാസും പശ്ചാത്തലസംഗീതം ശ്യാമും നിർവഹിച്ചിരിക്കുന്നു.

"സുചരിതയും പതിഭക്തയും ആയ ഭാര്യ ഉണ്ടായിരിയ്ക്കെ കണ്ണിൽ കണ്ട പെണ്ണുങ്ങളുടെ പിന്നാലെ പോകുന്ന എല്ലാ അവനും അപകടം ഫലം" എന്ന ഗുണപാഠത്തോടെ ചിത്രം അവസാനിക്കുന്നു.

മലയാള സിനിമയിൽ കള്ളൻ പവിത്രനു ശേഷം ധാരാളം കള്ളന്മാർ ഉണ്ടായിട്ടുണ്ടെങ്കിലും പവിത്രൻ ഇരുന്ന തട്ട് ഇപ്പോഴും താണ് തന്നെയിരിക്കുന്നു.